# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **21.06.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 3850**

## വൻകിട-ചെറുകിട വ്യവസായ മേഖലയിലെ പ്രതിസന്ധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.സണ്ണി ജോസഫ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, സാങ്കേതികവിദ്യയുടെ അഭാവം, ഇറക്കുമതി ചെയ്യുന്ന സമാന ഉൽപന്നങ്ങളിൽ നിന്നുള്ള മത്സരം എന്നിവ സംസ്ഥാനത്തെ വൻകിട ചെറുകിട വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | **(എ) & (ബി)** | ബാധിച്ചിട്ടുണ്ട്. അന്യരാജ്യങ്ങളിൽ നിന്നുള്ള ഗുണമേന്മ കുറഞ്ഞ ഉൽപന്നങ്ങൾ വിലകുറച്ച് വിപണിയിൽ ലഭിക്കുന്നത് തദ്ദേശീയമായി ചെറുകിട മേഖലയിൽ ഉൽപന്നങ്ങളെ ബാധിച്ചിട്ടുണ്ട്. ഉൽപാദന സൗകര്യങ്ങളുടെയും നൂതന സാങ്കേതിക വിദ്യകളുടെയും അഭാവം സംസ്ഥാനത്തെ ചെറുകിട വൻകിട വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണവും, വിപണന സാധ്യതയുള്ള ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. MSME ഉത്പന്നങ്ങളുടെ പ്രദർശന വില്പന മേളകൾ എല്ലാ ജില്ലകളിലും, കൂടാതെ തിരഞ്ഞെടുത്ത മേഖലകളിൽ സംസ്ഥാന അടിസ്ഥാനത്തിലും നടത്തി വരുന്നുണ്ട്. മാത്രമല്ല വിപണി സഹായത്തിനായി വാണിജ്യമിഷനും രൂപം നൽകിയിട്ടുണ്ട്.<br><br>വിപണിയിലെ മത്സരങ്ങൾ നേരിടുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി, കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം |
| **(ബി)** | പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്ത് വിപണിയിലെ മത്സരങ്ങൾ നേരിടുന്നതിനായി പൊതുമേഖലയിലെ വൻകിട-ചെറുകിട സ്ഥാപനങ്ങൾക്ക് സാമ്പത്തികവും മറ്റുതരത്തിലുള്ളതായ സഹായവും നല്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വ്യവസായ വകുപ്പ് K-Bip വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, റിസർച്ച് & ഡെവലപ്പ്മെന്റ്, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക, സാങ്കേതിക പരിശീലനങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. പദ്ധതി തുകയുടെ 70% കേന്ദ്ര സർക്കാരും, 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായും 10% കൺസോർഷ്യം വകയായിട്ടുമാണ് ടി പദ്ധതി പ്രകാരം വകയിരുത്തപ്പെട്ടിട്ടുള്ളത്. നിലവിൽ 11 ക്ലസ്റ്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. 3 ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.<br><br>കേരളത്തിലെ എം.എസ്.എം.ഇ, പൊതു മേഖല, പരമ്പരാഗത മേഖല കുടുംബശ്രീ തുടങ്ങി വിവിധ മേഖലകളിലെ ഉൽപന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, സംസ്ഥാന തലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നതാണ്.<br><br>കേരളത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ദേശീയ അന്തർദേശീയ തലത്തിലുള്ള വ്യവസായ പ്രദർശനങ്ങളിലും, മേളകളിലും പങ്കെടുക്കുവാനുള്ള അവസരങ്ങൾ നൽകി വരുന്നു. അത് വഴി ദേശീയ അന്തർദേശീയ തലത്തിലുള്ള മികച്ച ഉൽപന്നങ്ങളും, ഉൽപാദന രീതികളും മനസ്സിലാക്കുവാനും, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും, മത്സര ക്ഷമതയും ഉയർത്തുവാനും സാധിക്കുന്നു. |

| | | | |
|---|---|---|---|
| | | | വ്യവസായ മേഖലാടിസ്ഥാനത്തിൽ നടത്തി വരുന്ന സാങ്കേതിക പരിജ്ഞാന ക്ലിനിക്കുകൾ, ടെക്നോളജി മാനേജ്മെന്റ് വികസന പരിപാടികൾ, വണ്ടേഴ്സ് മീറ്റുകൾ എന്നിവ വഴി നൂതന സാങ്കേതിക വിദ്യകളും, വിപണിയുടെ ആവശ്യകതയും മനസ്സിലാക്കാനും, അതിലൂടെ ഉൽപാദനത്തിലും, വിപണനത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കാനും കഴിയുന്നു.<br><br>കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട മേഖലയിലെ (SME) സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി സജ്ജമാക്കുന്നതിലേക്കായിട്ട് വെബ്ബ് പോർട്ടൽ K-Bip വഴി രൂപീകരിച്ചിട്ടുണ്ട് . www.keralasme.org & www.keralasme.com എന്നീ domain name ൽ ആരംഭിച്ച വെബ്പോർട്ടലിൽ സംരംഭകരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത വെബ് പോർട്ടലിനെക്കുറിച്ച് സംരംഭകരെ ബോധവാൻമാരാക്കാനായി ജില്ലാതലങ്ങളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംരംഭകർക്ക് ആഗോള വിപണി ലഭ്യമാക്കുന്നതോടു കൂടി ഉൽപ്പന്നങ്ങൾക്ക് ലോകോത്തര നിലവാരവും ഗുണമേന്മയും ഉണ്ടാകും. |
| **(സി)** | വൻകിട-ചെറുകിട വ്യവസായമേഖലയുടെ തകർച്ച ഈ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ? | **(സി)** | വ്യവസായ മേഖലയുടെ ഉന്നമനത്തിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**